# QUEST

A COMPLETE DIGITAL MAGAZINE




## GHS ARIKUZHA

little KITEs



*"A good book is even valuable than a cheque book"*

*- Mahatma gandhi*

# ക്വസ്റ്റ്...........

കാലത്തിന്റേയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കും അനുസരിച്ച് നിരന്തരം നവീകരിക്ക പെട്ടുകൊണ്ടാണ് വിദ്യാഭ്യാസരംഗം മുന്നേറുന്നത് . ക്വസ്റ്റ് എന്നാൽ അന്വേഷണം. ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്ന് ആവശ്യപ്പെടുന്ന കഴിവുകൾ വിത്യസ്തമാണ്. കഴിഞ്ഞതലമുറയിൽ നിന്ന് വിത്യസ്തമായി കംബ്യൂട്ടർ പരിജ്ഞാനം ഇല്ലാത്തവരെ നിരക്ഷരരായി ഗണിക്കുന്നു. ഇന്ന് വിദ്യാഭ്യാസം തടാകം പോലെ നിശ്ചലമാകാതെ പുഴപ്പോലെ നിരന്തരം ഒഴുകുകയാണ്.

കല്ലുകലിൽ കൊത്തിവച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് മനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് എത്തിനിൽകുന്നത്. എഴുത്താണിയുടെ സ്ഥാനം കീബോർഡ് കൈയ്യടക്കികഴിഞ്ഞു.മഷിയുടെ സ്ഥാനം ഇ-മഷിയും.

തന്റെ കാലത്തെ അറിയാൻ , തന്റെ ചുറ്റുപാടിനെ മനസ്സിലാക്കാൻ, ഭാവനയേയും

സർഗാത്മകശേഷിയേയും പോഷിപ്പിക്കാൻ , ഈ മണ്ണിനേയും അതിലെ മനുഷ്യരേയും നന്മയിലേക്കുനയിക്കാൻ, സർവോപരി കാലത്തിനൊപ്പം ചരിക്കാൻ സാങ്കേതികവിദ്യയിലൂടെ സാധിക്കട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് ............

എഡിറ്റർ


## ആശംസകൾ



സാങ്കേതിക വിദ്യയോടുള്ള പുതുതലമുറുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഈ വിദ്യാലയത്തിലെ കുട്ടികളുടെ ഐ .ടി കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സിന്റെ"ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ മാഗസിന് എല്ലാ വിധ ഭാവുഗങ്ങളും നേരുന്നു.ഐ.ടി മേഖലയിൽ താത്പര്യം ജനിപ്പിക്കാനും പഠനത്തിലും ജാവിതത്തിലും ഈ സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തുക എന്നത് ഒരു സംസ്കാരമായി മാറിയ ഈ സാഹചര്യത്തിൽ ഇ- മാഗസിൻ തയ്യാറാക്കാനുള്ള ഉദ്യമം സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു. ഇതിനുവേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾക്കും നേതൃത്വം നൽകിയ അദ്ധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

\- സണ്ണിജോർജ്ജ് (ഹെഡ്മാസ്റ്റർ)

## ആശംസകൾ



അരിക്കുഴ സർക്കാർ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ക്യസ്റ്റിന് എല്ലാ വിധ ആസംസകളും നേരുന്നു . ഇത് വിദ്യാർത്ഥികളുടെ ക്രിയാത്മകവും സർഗാത്മകവുമായ ഇടപെടലുകളുടെ മികച്ച

ഉദാഹരണമാകട്ടെ. എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

മാത്യു ജോൺ
(വൈസ് പ്രസിഡന്റ്,ഇടുക്കി ജില്ലാപഞ്ചായത്ത്)

## ആശംസകൾ



പുതിയകാലത്ത് മാറിയലോകത്ത് വിദ്യാർത്ഥികളുടെ സർഗാത്മക രചനകൾ പ്രദർശിപ്പിക്കുവാൻ ഡിജിറ്റൽ ടെക്നോളജി തയ്യാറാക്കുന്ന ക്വസ്റ്റിന് എല്ലാവിധ ഭാവുഗങ്ങളും നേരുന്നു....

ഷൈനി ഷാജി
( മെമ്പർ-ബ്ലോക്ക് പഞ്ചായത്ത് തൊടുപുഴ)

## ആശംസകൾ



അരിക്കുഴ സർക്കാർ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നൂതന സംരംഭമായ ക്വസ്റ്റ് ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ ക്രിയാത്മക ഇടപെടലിന്റെ മികച്ച ഉദാഹരണമാകട്ടെ...... എല്ലാവിധ ഭാവുഗങ്ങളും നേരുന്നു..

**വത്സ ജോൺ**

**(പ്രസിഡന്റ് മണക്കാട് ഗ്രാമപഞ്ചായത്ത്)**

## ആശംസകൾ



വായനയാണ് പ്രധാനം അത് പുസ്തകമോ , ഇ - പുസ്തകമോ ആകാം. വായന ഇ – വായനയും . കാലം മാറുന്നതിനനുസരിച്ച് ജീവിതരീതിയും സമീപനങ്ങളും മാറേണ്ടതുണ്ട്. പുതിയ കുട്ടികൾ വായനക്ക് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തട്ടെ ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു...

റെജി ദിവാകരൻ
(വിദ്യാഭ്യാസ സ്റ്റാറ്റിംഗ് കമ്മിറ്റി ചെയർമാൻ, മണക്കാട് ഗ്രാമ പഞ്ചായത്ത്)

## ആശംസകൾ



കാലം മാറുകയാണ്, അതിനൊപ്പം സമീപന രീതികളും. കംബ്യൂട്ടർ മേഖല ജീവിതത്തിന്റെ ഭാഗമായ ഈ കാലഘട്ടത്തിൽ കുട്ടികളെ അതിനൊത്ത് വളർത്തികൊണ്ട് വരാൻ സഹായകമാണ് ഈ സംരംഭം. പാഠപുസ്തകത്തിനപ്പുറം വിശാലമായ ലോകം സൃഷ്ടിക്കാൻ കുട്ടികൾക്ക് സാധിക്കട്ടെ. അതിനുള്ള സാധ്യതകളിലൊന്നായ് പിറവിയെടുക്കുന്ന പുതു മാഗസിന് - ക്വസ്റ്റിന് - എല്ലാവിധ ആശംസകളും നേരുന്നു...

ശോഭന രമണൻ
(വാർഡ് മെമ്പർ-മണക്കാട് ഗ്രാമ പഞ്ചായത്ത്)

**ആശംസകൾ**



ഈ വിദ്യാലയത്തിലെ ഐ.ടി ക്ലബിന്റെ നേതൃത്വത്തിൽ ഇ - മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു, ഇന്ന് ക്ലാസ് മുറികൾ വായനക്ക് നല്ലൊരിടമാണ്. സർഗവാസനകളുടെ വ്യാപനത്തിനു വേണ്ടുന്ന എല്ലാ വിഭാഗങ്ങളും പഠനപ്രവർത്തനങ്ങളോടൊപ്പം ഒരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.ഇന്ന് അനന്തസാധ്യതകളുള്ള ഒരു മേഖലയാണ് ഐ.ടി. മനുഷ്യ സമൂഹത്തിന് മാറ്റി നിർത്താൻ പറ്റാത്തതായി കംബ്യൂട്ടറും മൊബൈൽ ഫോണും മാറിയിരിക്കുന്നു. ലോകത്തിന്റെ എതു കോണിലുള്ളവരുമായി കാണാനും സംസാരിക്കാനും ഇന്ന് വീട്ടിലിരുന്നുകൊണ്ട് സാധിക്കും . വരും കാലങ്ങളിലും അനന്ത സാധ്യതകളാണ് ലോകം തുറന്നിട്ടിരിക്കുന്നത്.. ഈ സാധ്യതകൾ മുന്നിൽ കണ്ടുക്കൊണ്ടുതന്നെ ഇന്ന് കുട്ടികൾ പരിശീലനം നേടുന്നു . ഇതിന്റെ മികച്ച തെളിവാകട്ടെ കുട്ടികളുടെ ഈ ഡിജിറ്റൽ മാഗസിൻ.ഇതിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

എ.ജി സുകുമാരൻ
(പി.റ്റി.എ പ്രസിഡന്റ്)

# താളുകളിലൂടെ....

* കഥകൾ
* കവിതകൾ
* ലേഖനങ്ങൾ
* ആസ്വാദനങ്ങൾ
* അനുഭവക്കുറിപ്പുകൾ
* പഠനങ്ങൾ
* പഴഞ്ചൊല്ലുകൾ
* *short stories*
* *profiles*
* *quotes*
* *pictures*
* *famous scientists*
* *G K*
* *importance of hindi day*

# പ്രളയാനന്തരകേരളം



2018-ൽ നടന്ന പ്രളയം കേരളം അനുഭവിച്ചിടത്തോളം വളരെ വലിയ ഒരു ദുരന്തമായിരുന്നു. അപ്രതീക്ഷിതമായി കടന്നുവന്ന പേമാരി ഒട്ടനവധി ജീവിതങ്ങളെ തകർത്തെറിഞ്ഞു. ഓരോരുത്തരും കഷ്ടപ്പെട്ടുണ്ടാക്കിയതോരോന്നും വെള്ളം കൊണ്ടുപോയി.

പക്ഷെ , നമ്മുടെ കേരളത്തിന് ആ മഹാദുരന്തത്തെ അതിജീവിക്കാൻ കഴിഞ്ഞു എന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. കേരളത്തിലെ ജനങ്ങൾ ജാതിമതവർവർണ്ണവ്യത്യാസങ്ങൾക്കതീതമായി ഒറ്റക്കെട്ടായി നിന്നതുകൊണ്ടാണ് ഒട്ടനവധി ജീവനുകൾ തിരിച്ചുപിടിക്കാനായതും കേരളത്തെ രക്ഷിക്കാനായതും. 2018 വർഷം അതിജീവനത്തിന്റെ പാതയിലൂടെയാണ് കടന്നുപോയത് . അതിശക്തമായ മഴയെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും ദുരിതബാധിതരെ ക്യാമ്പുകളിലേക്ക് എത്തിക്കുകയും ചെയ്തു. ഉദാരമതികളായ പലയാളുകളും സംഘടനങ്ങളും കൂട്ടായ്മകളും അവർക്കുവേണ്ട കുടിവെള്ളം, ഭക്ഷണം, മരുന്ന് തുടങ്ങിയ

അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും , അവരവർക്കു കഴിയുന്നതുപോലെ ദുരിതം അനുഭവിക്കുന്നവരെ സഹായിച്ചു.

മുഖ്യമന്ത്രി പ്രളയബാധിതപ്രദേശങ്ങൾ സന്ദർശിക്കുകയും, അവരുടെ വിഷമങ്ങൾ കേൾക്കുകയും അവർക്കുവേണ്ട സേവനങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തു. വെള്ളം കയറിയ വീടുകളിൽ കുടുങ്ങി കിടക്കുന്ന കൊച്ചുകുട്ടികൾ മുതൽ പ്രായമായവരെ രക്ഷിക്കാനുള്ള ഹെലികോപ്റ്ററുകളും ബോട്ടുകളും തയ്യാറായി.

പ്രളയത്തെ അതിജീവിക്കുന്നതിൽ മത്സ്യതൊഴിലാളികൾ വഹിച്ച പങ്ക് വളരെ വലുതാണ്. സ്വമനസ്സാലെ അവരുടെ ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ച് പ്രളയദുരിതത്തിൽ അകപ്പെട്ടവരെ രക്ഷിച്ചു. ഹിന്ദുവെന്നോ ക്രിസ്ത്യൻ എന്നോ മുസ്ലീം എന്ന വലിയവരെന്നോ ചെറിയവരെന്നോ വിവേചനമില്ലാതെ എല്ലാവരേയും തുല്യരായി കണ്ട് ക്യാമ്പുകളിൽ അവശരോടൊത്ത് അവർ ജീവിച്ചു. എല്ലാവരും ഒരുമയോടെ ഒരേ മനസ്സോടെ മാവേലി നാടിനെ ഓർമ്മിപ്പിച്ചു. ഇത് മനുഷ്യരാശിക്ക് ഒരു വലിയ പാഠമാണ് നമ്മാനിച്ചത്.

നമ്മുടെ കൊച്ചുകേരളത്തെ തിരികെ കൊണ്ടുവരാൻ ആ മനോഹാരിതയെ തിരികെ പിടിക്കാൻ നമ്മുടെ മുഖ്യമന്ത്രിയും ജനതയും ഒന്നിച്ചു നിൽക്കുകയാണ്. ഒരുമയുണ്ടെങ്കിൽ എന്തും നേടാനാവും . ആ ബൃഹത് സംരഭത്തിൽ നമ്മുക്കും കൈകോർക്കാം.

# ഞാറ്റുവേലപ്പൂക്കൾ -ഒരാസ്വാദനം

അപർണ . വി
ക്ലാസ് : 10

പ്രകൃതിയുമായി ഇഴുകി ചേർന്നുള്ള ജീവിതത്തിന്റെ പ്രസാദാത്മകമായ വായാഖ്യാനമാണ് ഞാറ്റുവേലപ്പൂക്കൾ. എല്ലുപൊന്തിയ ക്ലരകൾക്കിടയിൽ അഴുക്കുപിടിച്ച പായയിൽ ഇല്ലായ്മ കുടിച്ചിറക്കി വരാൻ പോകുന്ന സമൃദ്ധിയുടെ സ്വർഗീയ വാഗ്ദാനങ്ങൾ ഉദ്ഘോഷിച്ചുകൊണ്ട് ഞാറ്റുവേലപ്പൂക്കൾ വരികയാണ്. മത്തനിലും പടവലവള്ളിയിലും കുംമ്പളത്തിലും വിരിഞ്ഞുനിൽക്കുന്ന പൂക്കളെ കാണുമ്പോൾ വരാനിരിക്കുന്ന സൗഭാഗ്യത്തെ ഓർത്ത് കർഷകനും, കവിയും സന്തോഷിക്കുന്നു.

കവിതയിൽ കവി തന്നെയാണ് കർഷകൻ. ചിങ്ങപ്പൂനിലാവ് ഉറക്കമിളച്ച് പൂക്കളുടെ പ്രസവ ശുശ്രൂഷക്കായ് കാത്തിരിക്കുന്നു. പൂക്കുന്നതും കായ്ക്കുന്നതും കാത്ത് മണ്ണും മനുഷ്യനും ഏറെ പ്രതീക്ഷയിലാണ്. പ്രകൃതിയെ ആശ്രയിച്ച് മനുഷ്യന്റെ നിലനില്പിനെ കർഷകനിലൂടെ അവതരിപ്പിക്കുന്നത് വായനക്കാരിൽ അനുഭൂതിയുണ്ടാക്കുന്നു. ഇടവത്തിലെ കറുത്ത മേഘമാകുന്ന മാളത്തിൽ നിന്ന് ഇറങ്ങിയ ഭീകര വെള്ളപ്പൊക്കം രാജവെമ്പാലയെപ്പോലെ മനസ്സിൽ ഭീതിയുണ്ടാക്കുന്നു.

നിലത്തുവീണുകിടക്കുന്ന പൂക്കളെ കണ്ടിട്ട് അവ പ്രസവ ആലസ്യത്തിന്റെ സുഖം അനുഭിച്ച് കിടക്കുകയല്ലെ എന്ന് കവി സന്ദേഹിക്കുന്നു.

ഭക്ഷ്യയോഗ്യമായ കായ്കളെ പ്രസവിച്ചുകിടക്കുന്ന പൂക്കളുടെ പക്ഷത്താണ് കവി. കനികളെ ഗർഭം ധരിച്ച് കിടക്കുന്ന പൂക്കളെ കാണുമ്പോൾ അതിനുകഴിവില്ലാത്ത റോസയും മുല്ലയും മന്ദാരവും നാണിച്ചുപോകുന്നു

പൂക്കളോടുള്ള ഈ സമീപനം കവി മനുഷ്യപക്ഷത്താണ് എന്നു തെളിയിക്കുന്നു. പശ്ചാത്തലമായി വരുന്ന ഞാറ്റുവേല സർഗാത്മകതയുടെ പ്രതീകമാണ്.

## ചാലക്കുടിക്കാരൻ ചങ്ങാതി നീയേ.....



ചാലക്കുടിക്കാരൻ ചങ്ങാതി നീ
നിൻെറ ചാലക്കുടിയെക്കരയിച്ചതെന്തേ,
ഓട്ടോറിക്ഷക്കാർക്കു മുമ്പനായി നീ
ചാലക്കുടിക്കാർക്കു വമ്പനായി
നിൻവേർപാടിൻ ദു:ഖം താങ്ങിടാതെ
നിൻ മരണം നാടിനെത്തന്നെ പിടിച്ചുലച്ചു
നിൻ മണിക്കുടാരം തേങ്ങിടുന്നു
അതിൽ നിൻ പ്രിയപത്നിയും പുത്രിയും
വീട്ടുകാരും.
ചാലക്കുടിപ്പുഴ നിൻകാലൊച്ച കേൾക്കാതെ

ഞങ്ങിഞരങ്ങി വിതുമ്പിടുമ്പോൾ

അതാ വരുന്നു, നിൻ മണി ഒരുപിടിച്ചാരമായ്

നിൻ മടിത്തട്ടിലലിഞ്ഞു ചേരാൻ

ഇനിയും നിക്കുമോ ഈ പൊൻ മണിവസന്തം?

ഇനി നിൻെറ പാട്ടുകൾ ഉദിക്കുമോ വീണ്ടും?

പൊട്ടിച്ചിതറുമാവളപ്പൊട്ടുപോലെ നിൻ

അദരങ്ങളിൽ വിരിയുമോ ആ ചിരിയെ?

ദേവിക രഘു

ക്ലാസ്സ്:X

# മൗനനൊമ്പരങ്ങൾ

ഇന്ന് തിരുവോണമാണ്.അപ്പു ഓർത്തു മറ്റെല്ലാകുട്ടികളും ഉൽസാഹത്തോടെ മുറ്റത്ത് ഓടിക്കളിക്കുന്നു.അതിലൊന്നും താൽപര്യമില്ലാതെ നിർനിമേഷനായി അനാഥമന്ദിരത്തിൻെറ തൂണും ചാരി അവൻ ഇരിക്കുന്നു.അതുപോലെ ഒരു തിരുവോണത്തിൻെറ തലേദിവസമാണല്ലോ തനിക്ക് പ്രിയപ്പെട്ടവരെല്ലാം എന്നന്നേക്കുമായി നഷ്ടപ്പെട്ടത്.വിധി തന്നോട് എന്ത് ക്രൂരതയാണ് കാട്ടിയത്.അനാഥത്വത്തിൻെറ കരങ്ങളിലേക്ക് തന്നെ ഏൽപ്പിച്ചിട്ട് എല്ലാവരും പോയി. ഫാ.മാത്യൂസിൻെറ കരുണയാൽ ഈ അനാഥാലയത്തിൽ എത്തിച്ചേർന്നു.എല്ലാം ദൈവനിശ്ചയമാകാം കൂട്ടുകാരുടെ സ്നേഹം നിറഞ്ഞ പെരുമാറ്റമാണ് തന്നെ അനാഥൻ എന്ന ചിന്തയിൽ നിന്ന് അകറ്റുന്നത്. ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരൻ ആയിരുന്നു അനൂപ്. ഇന്നലെ അവനും പോയി. സമ്പന്നരായ വൃദ്ധദമ്പതികൾ അവനെ ദത്തെടുത്തു. അനൂപ് പോയതോടെ താൻ ഏകനായി. തൻെറ ദുഃഖം

കാണുമ്പോൾ ഫാ.മാത്യൂസ് പറയും "അപ്പു ലോകത്തിൽ എല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അനാഥരാണ്. നാം തനിയെ ലോകത്തിലേക്ക് വരുന്നു തനിച്ച് തിരിച്ചുപോകുന്നു. ജീവിതം എന്നു പറയുന്നത് ഒരു നാടകമാണ് കുട്ടീ. അതിലെ കഥാപാത്രങ്ങളാണ് നാം. നമ്മുടെ മാതാപിതാക്കളും ബന്ധുക്കളും എല്ലാം മറ്റ് ചില കഥാപാത്രങ്ങൾ മാത്രം". ഇപ്പോൾ പറഞ്ഞാൽ നിനക്ക് മനസ്സിലാവില്ല.കാലം അത് നിന്നെ പഠിപ്പിക്കും ഓർമ്മകളിൽ ലയിച്ചിരിക്കുമ്പോൾ പിന്നിൽ നിന്ന് ഒരു വിളികേട്ട് അവൻ നോക്കി. മറ്റൊരു കൂട്ടുകാരനായ രാജേഷ്. "എന്താ അപ്പൂ നീ ഇങ്ങനെ ഇവിടെ നിൽക്കുന്നത് . എല്ലാവരും ഊണ് കഴിക്കാൻ വന്നു.നിന്നെ മാത്രം കണ്ടില്ല.വാ നമുക്ക് പോകാം". രാജേഷ് അവൻെറ കൈ പിടിച്ചു വലിച്ചു അതിനു മറുപടിയായി ഒന്നും പറയാതെ രാജേഷിനെ അനുഗമിക്കുമ്പോൾ അപ്പുവിൻെറ മനസ്സിൽ വിഷാദത്തിൻെറ തിരകൾ അലതല്ലുകയായിരിന്നു.അനാഥാലയത്തിലെ കുട്ടികൾക്കുവേണ്ടി ആരോ സ്പോൺസർ ചെയ്ത ഒരു ഓണസദ്യ. ഊണ് കഴിക്കാനായി കൈകഴുകി നിലത്ത് ചമ്രം പടിഞ്ഞിരുന്നു. ഇലയിൽ വിളമ്പിയ ചോറിലേക്ക് നോക്കി അവൻ നിശ്ചലനായി ഇരുന്നു.അച്ഛനും അമ്മയും ചേട്ടനും ചേച്ചിയും എല്ലാം ഉണ്ടായിരുന്ന പണ്ടത്തെ ഓണത്തെക്കുറിച്ച് അവൻ ഓർക്കുകയായിരുന്നു. ആ കണ്ണുകൾ ഈറനണിഞ്ഞു. എന്തിനെന്നറിയാതെ രണ്ട് തുള്ളികൾ ഇലയിലേക്ക് അടർന്നു വീണു.

# കഥാപാത്രനിരൂപണം

## സ്പന്ദിക്കുന്ന പിതൃഹൃദയം

മലയാളസാഹിത്യത്തിൻെറ അതുല്യപ്രതിഭ ശ്രീ.മാധവിക്കുട്ടിയമ്മയുടെ എക്കാലത്തെയും ശ്രദ്ധേയമായ ജനഹൃദയങ്ങളെ ദു:ഖസാഗരങ്ങളിലാക്കിമാറ്റിയ "നെയ്പ്പായസം" എന്ന കഥയിലെ കേന്ദ്രകഥാപാത്രമാണ് അച്ഛൻ. ഭാര്യയും ,മൂന്ന് ആൺമക്കളും

അടങ്ങുന്ന കുടുംബത്തിലെ ഏക അത്താണിയായിരുന്നു അദ്ദേഹം. നഗരത്തിലെ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു അച്ഛൻ. സ്വന്തം ഭാര്യയേയും മക്കളേയും അയാൾ അഗാധമായി സ്നേഹിച്ചിരുന്നു. അതിൽക്കവിഞ്ഞൊന്നും അദ്ദേഹത്തിന് നേടുവാൻ ഉണ്ടായിരുന്നില്ല. ഒന്നു രണ്ടുകൊല്ലങ്ങൾ നീണ്ടുനിന്ന അനുരാഗത്തിനൊടുവിലാണ് അവർ വിവാഹിതരായത്.

നഗരത്തിലെ ഓഫീസിലെ ഒരു ജോലിക്കാരനായിട്ടുകൂടി പണത്തിന്റെ ക്ഷാമം, കുട്ടികളുടെ അനാരോഗ്യലക്ഷണങ്ങൾ അങ്ങനെ ചില ബുദ്ധിമുട്ടുകൾ അവരെ ഇടയ്ക്കിടെ തളർത്തിക്കൊണ്ടിരുന്നു. തന്റെ മക്കളുടെ ഭാവിജീവിതങ്ങളേക്കുറിച്ച് ഏതൊരച്ഛനും കാണുന്ന സ്വപ്നങ്ങൾ അച്ഛന്റെ മനസിലും മുളപ്പൊട്ടിത്തുടങ്ങിയിരുന്നു. എന്നാൽ താൻ ഏറെ സ്നേഹിച്ചിരുന്ന പ്രിയപത്നിയുടെ അഗാധമായ മരണം അച്ഛനെ മാനസീകവും ശാരീരികവുമായി ഏറെ തളർത്തിയിരുന്നു. അത് തന്റെ കുഞ്ഞുമക്കളേക്കുറിച്ചുള്ള സ്വപ്നങ്ങളെ ,ഒരു ചീട്ടുകൊട്ടാരത്തെപ്പോലെ തകർക്കുകയുണ്ടായി. ഭാര്യയുടെ അഗാധമായ അന്ത്യം അച്ഛന്റെ ഒരുകണ്ണിന് കാഴ്ചനഷ്ടപ്പെട്ടതിനു സമാനമായിരുന്നു. എന്നാൽ അതിന്റെ ദു:ഖം അച്ഛൻ തന്റെ കുഞ്ഞുങ്ങളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിരുന്നില്ല. ഭാര്യയുടെ അസാന്നിധ്യം അച്ഛനെ ഒരു ഇരുട്ടുമുറിയിലേക്കാണ് തള്ളിവിട്ടത് എന്ന് കമലസുരയ്യ അഭിപ്രായപ്പെടുന്നു.

നാം നമ്മുടെ സമൂഹത്തിൽ കാണുന്ന പച്ചയായ ജീവിതസാഹചര്യങ്ങളെ ,സന്ദർഭങ്ങളെയാണ് മാധവിക്കുട്ടിയമ്മ തന്റെ നെയ്പ്പായസം എന്ന കഥയിലൂടെ നമ്മോട് വാങ്മയചിത്രങ്ങളായി വിളിച്ചോതുന്നത്. ഭാര്യയുടെ മരണം ഒരു കുടുംബത്തിന്റെ മുഴുവൻ ബാധ്യതളും ,വിധി എന്ന ഒളിപ്പോരാളി അച്ഛന്റെ ശിരസിൽ താങ്ങുവാൻ വച്ചു നൽകുകയായിരുന്നു. സത്യത്തെ സത്യമായിത്തന്നെ കണ്ട്

അതിനെ പൂർണമായും ഉൾക്കൊള്ളുവാനുള്ള മനോഭാവം അച്ഛൻെറ ജീവാംശത്തിൽ ലയിച്ചുചേർന്നിരുന്നു.തൻെറ ഭാര്യയുണ്ടാക്കിയ, മരണത്തിൻെറ സ്പർശം തട്ടിയ ഭക്ഷണസാധങ്ങളാണ് അച്ഛൻ അവർക്കായി നൽകിയത്.അമ്മ അവസാനമായുണ്ടാക്കിയ നെയ്പ്പായസമാണ് അച്ചൻ മക്കൾക്കായി നൽകിയത്.പൊതുവെ ദാരിദ്രമെന്ന കൂടെപ്പിറപ്പ് അച്ഛൻെറ ഇല്ലായ്മകളും വല്ലായ്മകളും വിളിച്ചോതുന്നു. എങ്കിലും പരസ്പരം സ്നേഹം എന്ന വഞ്ചിയിൽ ആണ് അവർ ജീവിതത്തെ മുന്നോട്ട് നയിച്ചിരുന്നത്.സ്വന്തം ഭാര്യയുടെ വേർപാടിൽ മനം നൊന്ത് കഴിയുന്ന, ദാരിദ്രത്തിൻെറ തീരാവട്ടയിൽ വെള്ളം കോരിക്കൊണ്ടിരിക്കുന്ന നമ്മൾ ദിനം തോറും കാണുന്ന, നമ്മളിൽ ഒരു അച്ഛനെത്തന്നെയാണ് മാധവിക്കുട്ടിയമ്മ ചിത്രീകരിച്ചിരിക്കുന്നത് .കഷ്ടപ്പാടിൻേറയും,സഹനത്തിൻേറയും,നൊമ്പരത്തിൻേയും ഇഴപിരിയാത്ത, മായാത്ത ഒരു ദൃശ്യം അച്ഛനിൽ കാണുവാൻ സാധിക്കും. ആത്മഭബലിയുടെ ചാട്ടവാറിനാൽ ഉടലെടുത്ത ഒരു തേങ്ങുന്ന പിതൃഹൃദയത്തിനെയാണ് കമലസുരയ്യ ഈ കഥയിലൂടെ ആവിഷ്കരിക്കുന്നത്.

ശ്രീലക്ഷമി കെ.എം.

ക്ലാസ് : 9



ലേഖനം

## കൃഷിയും സംസ്കാരവും

മനുഷ്യസംസ്കാരം കൃഷിയോടൊപ്പം ആരംഭിച്ചു എന്നുതന്നെ പറയാം. മനുഷ്യന്റെ കരവിരുതും , കലാവിരുതും മാത്രമല്ല പാട്ടും ആട്ടവും എല്ലാം കൃഷിയുമായി ബന്ധപ്പെട്ടാണ് ഉണർന്നത്. കൂട്ടായ്മയുടെ താളമാണ് കൃഷിയുടെ താളം. മനുഷ്യനെ നിലനിർത്തിപ്പോരുന്നത് ഇന്നും കൃഷിതന്നെയാണ് .


മണ്ണിൽ എറിഞ്ഞ വിത്തുകൾ മുളച്ചുവന്നപ്പോൾ ഒപ്പം വളർന്ന മറ്റു ചെടികളെ പിഴുതുകളയേണ്ടിവന്നു. കളയൊഴിവാക്കികൊണ്ടേ വിള സംരക്ഷിക്കാനാവൂ എന്നതാണ് കൃഷിയെ സംബന്ധിച്ച ആദ്യപാഠം. കളയേണ്ടതാണ് കളയെന്നും വിളയെണ്ടതാണ് വിളയെന്നും കാലക്രമത്തിൽ മനുഷ്യൻ തിരിച്ചറിഞ്ഞു.

അലഞ്ഞുതിരിഞ്ഞ ആഹാരവസ്തുകൾ ശേഖരിച്ചിരുന്ന മനുഷ്യനെ ഒരിടത്ത് സ്ഥിരവാസമുറപ്പിക്കാൻ പ്രേരിപ്പിച്ചത് കൃഷിയാണ്. വൃത്തിയും വെട്ടപ്പമുള്ള പാർപ്പിടത്തെക്കുറിച്ച് അവർ ചിന്തിച്ചു തുടങ്ങിയത് ഇതേ തുടർന്നാണ്. നാളത്തേക്കുവേണ്ടി വല്ലതുമൊക്കെ സൂക്ഷിച്ചുവെക്കണമെന്ന് തോന്നി തുടങ്ങിയതും ഇതേ കാലത്താണ്. അലഞ്ഞുനടക്കേണ്ട ആവശ്യമില്ലെന്നുവന്നപ്പോൾ കുറച്ചൊക്കെ വിശ്രമസമയം കണ്ടത്താനും അവർക്ക് കഴിഞ്ഞു. മനുഷ്യനിൽ സൗന്ദര്യബോധവും കാലാവാസനകളുമെല്ലാം പിറവികൊള്ളുന്നതും ഇതേ കാലത്തുതന്നെ . മനുഷ്യനെ സംസ്കാരമുള്ള ജീവിയാക്കുന്നതിൽ കൃഷി വലിയ പങ്കുവഹിച്ചിട്ടുണ്ട്.

റ്റീന റ്റിജോ


ക്ലാസ്സ് - 6

# <u>ജീവചരിത്രക്കുറിപ്പ് ( ആര്യഭടൻ )</u>



ക്രിസ്തുവർഷം 476 ൽ അശ്മകം എന്ന സ്ഥലത്താണ് ആര്യഭട്ട ജനിച്ചതെന്ന് പുരാതന രേഖകളിൽനിന്ന് മനസ്സിലാക്കാൻ കഴിയും. ചെറുപ്പത്തിലെ ഗണിതത്തിൽ താത്പരനായ അദ്ദേഹം കേരളത്തിലെ പ്രാഥമിക പഠനങ്ങൾക്കുശേഷം "നളന്ദ സർവകലാശാലയിൽ " ഉപരിപഠനത്തിനായ് അന്ന് "പാടലിപുത്രം " രാജ്യത്തിൻെറ ഭാഗമായിരുന്ന " ബീഹാറിലെ" കുസുമപുരത്തേക്ക് യാത്രയായി. അക്കാലത്ത് ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് വിദ്യാർത്ഥികൾ ഇവിടെയെത്തി ഗണിതപഠനവും ഗവേഷണങ്ങളും നടത്തി പോന്നിരുന്നു. കുസുമപുരത്തുവച്ച് AD 499 ൽ തനിക്ക് 23 വയസ്സ് പ്രായമുള്ളപ്പോഴാണ് അദ്ദേഹം 'ആര്യഭടീയം ' രചിച്ചത്. അതിനാൽ പേർഷ്യൻ ചിന്തകനായിരുന്ന 'അൽബിറൂനി' കുസുമപുരത്തെ "ആര്യഭടൻ" എന്നാണ് തൻെറ കൃതികളിൽ പ്രയോഗിച്ചു കാണുന്നത്. ഡി. ജി. ആപ്തേയുടെ അഭിപ്രായപ്രകാരം "നളന്ദ സർവകലാശാലയുടെ കുലപതി ആയിരുന്നു ആര്യഭടൻ". ആര്യഭടൻ തൻെറ ശിഷ്ടജീവിതം മുഴുവൻ കഴിഞ്ഞത് കുസുമപുരത്തുതന്നെയായിരുന്നു. ലഗാദമുനിയിലാരംഭിക്കുന്ന ഭാരതീയ ജ്യോതിശാസ്ത്രത്തിൻെറ ഏറ്റവും തിളക്കമുള്ള കണ്ണിയാണ് ആര്യഭടൻ ജ്യാമിതിയിലും ബീജഗണിതത്തിലും ജ്യോതിശാസ്ത്രത്തിലും അദ്ദേഹം ആധുനിക ശാസ്ത്രത്തിന് വഴികാട്ടിയായി. അതുകൊണ്ടുതന്നെ, 1975 ഏപ്രിൽ 19 ന് സ്വന്തമായി നിർമ്മിച്ച ആദ്യ ഉപഗ്രഹം ഇന്ത്യവിക്ഷേപിച്ചപ്പോൾ അതിന് ' ആര്യഭട്ട 'എന്ന് പേര് നൽകി. AD 550 ൽ ആര്യഭടൻ മരണം കൈവരിച്ചു.

# മഹാത്മാഗാന്ധി



ഗുജറാത്തിലെ പോർബന്തരിൽ 1869 ഒക്ടോബർ 2 ന് ജനിച്ചു. അച്ഛൻ കരംചന്ദ് ഗാന്ധി, അമ്മ പുതലി ഭാബായി മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു പൂരിണ്ണമായ പേര്.

ഇന്ത്യയുടെ രാഷ്ട്രപിതാവാണ് അദ്ദേഹം. 1891 ൽ ഗാന്ധിജി കോടതിയിൽ വക്കീലായി. 1951 ൽ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഏറ്റെടുത്തു. നിസ്സഹകരണ പ്രസ്ഥാനം , നിയമലംഘനപ്രസ്ഥാനം, ക്വിറ്റ് ഇന്ത്യ സമരം തുടങ്ങിയ നിരവധി പരിപാടികളിൽ ഗാന്ധിജി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടാൻ വേണ്ടി പങ്കെടുത്തു. 1930 ൽ ഉപ്പുനിയമം ലംഘിക്കുന്നതിനുവേണ്ടി ഗാന്ധിജി വളരെ അധികം കഷ്ടപ്പെട്ട് പ്രയത്നിച്ചു.

" എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്നത് ഗാന്ധിജിയുടെ ആത്മകഥയാണ്. 1948 ജനുവരി 30 ന് നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റാണ് ഗാന്ധിജി മരിച്ചത്.

## ഗാന്ധിജിയുടെ വാക്കുകൾ

.എന്റെ ജീവിതമാണ് എന്റെ സന്ദേശം
.സേവനമാണ് എന്റെ മതം
.ദൃഷണം ഹിംസയുടെ കലയാണ്
.അഹിംസ ഭീരുവിന്റെ ആയുധമല്ല, ധീരന്റേതാണ്

മീനാക്ഷി രാജേഷ്
ക്ലാസ് :10

കഥ

# ദൈവത്തിൻെറ ദാനം

ഒരിടത്ത് ഒരിടത്ത് ഒരു കൃഷിക്കാരനും അയാളുടെ ഭാര്യയും താമസിച്ചിരുന്നു. അവർക്ക് കുട്ടകളി ഇല്ലാത്തതിനാൽ കൃഷിക്കാരൻെറ ഭാര്യക്ക് സങ്കടം ആയിരുന്നു. എന്നും കൃഷിക്കാരൻെറ ഭാര്യ കുളത്തിൽ നിന്നുകൊണ്ട് പ്രാർത്ഥിക്കുമായിരുന്നു.''എനിക്ക് ഒരു കുഞ്ഞിനെ തരണേ..'' ഒരു ദിവസം എന്നും ചെയ്യുന്നതുപോലെ തന്നെ കൃഷിക്കാരൻെറ ഭാര്യ ഇന്നും കുളത്തിൽ കുളിക്കാൻ പോയി. കിടന്നു ദൈവത്തോട് പറഞ്ഞു. അപ്പോൾ സൂര്യനിൽനിന്ന് പ്രകാശം വന്ന് കല്ലിൽ തെളിഞ്ഞു. അപ്പോൾ തന്നെ അത് ഒരു തവളയായിമാറി. തവള പറഞ്ഞു''നിനക്ക് ഏതെങ്കിലും ഒരു ദിവസം ഒരു സുന്ദരിയായ കുട്ടിയെക്കിട്ടും'' എന്ന് പറഞ്ഞു കഴിഞ്ഞ് തവള രോയി. അവർക്ക് കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഒരു സുന്തരിയായ പെൺകുഞ്ഞ് ജനിച്ചു. എല്ലാ ദൈവങ്ങളും അവളെ അനുഗ്രഹിച്ചു.

മാളവിക വി. ജെ
ക്ലാസ് : 5

## നങ്ങേലിയമ്മ പറ്റിച്ചേ

നങ്ങേലിയമ്മ നെല്ലിമരത്തിലെ
നെല്ലിക്ക കണ്ടുകൊതിച്ച പിള്ളേർ
നെല്ലിമരത്തിൽ വലിഞ്ഞു കേറി
നെല്ലിക്കതിന്നു തുടങ്ങിയപ്പോൾ
നീട്ടിയ നാക്കുമായ് പാഞ്ഞുകുരച്ചെത്തി
നങ്ങേലിയമ്മേടെ നായക്കുട്ടൻ!
നായയെകണ്ടു പേടിച്ച കുട്ടികൾ
നെല്ലിക്കപൊട്ടിച്ചെറിഞ്ഞു താഴെ
നങ്ങേലിയമ്മയോ കൈയിൽ മുറിവുമായ്
നല്ലചിരിയുമായ് മെല്ലെ വന്നു
നെല്ലിക്ക വാരിമുറത്തിലട്ടു പിന്നെ
നായയോടൊപ്പം നടന്നുപോയി.

ആഗ്നസ് മരിയ ജോണി
ക്ലാസ്സ്:6

# ഉതിരുന്ന പുഷ്പങ്ങൾ

ഓരോ പൂവിനും നിറമുണ്ട് മണമുണ്ട്
മറക്കുവാനാവാത്ത സൗന്ദര്യമുണ്ട്
പുരിവാർ കുന്തളം വിടർത്തി
നിന്നാടുന്ന സർഗ്ഗ സൗന്ദര്യ
പുഷ്പമാണു നീ
പക്ഷേ അത് ഒരിക്കൽ കൊഴിയും
വേദനിപ്പിച്ചുകൊണ്ട്
അപ്പോൾ തോന്നും എന്തിനു-
വേണ്ടി ആ പൂവിനെ -
സ്നേഹിച്ചുവെന്ന്. എങ്കിലും-
ആ പൂവിൻെറ ആത്മശകലങ്ങൾ
എന്നിൽ നിന്നും
പൊലിഞ്ഞുപോകയില്ല.



ദേവനന്ദ
ക്ലാസ്സ് :8

# അമ്മയോടൊപ്പം



താരാട്ട് പാട്ടുവാൻ താലോലിക്കാൻ
താമരയാമെന്നെ ഓമനിക്കാൻ.......
എന്നമ്മ എന്നും എന്നോടൊപ്പം
പാരിൽ വെളിച്ചമായ് തീർന്നിട്ടുവാൻ
എന്നുംഎന്നിൽ എന്നമ്മമാത്രം....
സ്വപ്നം കാണാൻ പഠിപ്പിച്ച അമ്മ
മുന്നോട്ടു നീങ്ങാൻ കരുത്തേകി
അമ്മ
എന്നുടെ കൂടെ എന്നമ്മ എന്നും

**എന്നമ്മ എന്നും എന്നോടൊപ്പം.........**

**- ആദിത്യരാജ്**
**ക്ലാസ് : 9**

## അഹങ്കാരത്തിന്റെ ഫലം പ്രകൃതിയിൽനിന്ന്....

മണിമല എന്ന പേരുള്ള ഒരു സുന്ദരമായ ഗ്രാമം. നിറയെ വയലും കുന്നുകളും കാട്ടുപൂക്കളും മരങ്ങളും നിറഞ്ഞ് നിൽക്കുന്നു. പുഴയുടെ അതിമനോഹരമായ മധുരനാദം. ആ ഗ്രാമത്തിൽ നിറയെ വീടുകളുണ്ടായിരുന്നു. പാവപ്പെട്ട ആളുകളാണ് അവിടെ താമസിച്ചിരുന്നത്. അവർ കൃഷി

ചെയ്യെല്ലാമാണ് ജീവിച്ചിരുന്നത്. ആ പാവപ്പെട്ട മനുഷ്യൻ പ്രകൃതിയെ ഒരുപാട് സ്നേഹിച്ചിരുന്നു. രാവിലെ ഉണരുന്നത് കാറ്റിൻെറ ചെറുശബ്ദം പക്ഷികളുടെ പാട്ടുകൾ കേട്ടുമാണ്.

എന്നാൽ ആ ഗ്രാമത്തിൽ ഒരേ ഒരുധനികനായ മനുഷ്യൻ താമസിച്ചിരുന്നു. അയാൾക്ക് നഗരത്തിൽ ഒരുപാട്

## മഴയേ നീ എവിടെ ഒളിച്ചിരിപ്പൂ....



മഴയേ നീ എവിടെ .....
വർഷമേ നീ ഞാൻ കാണാതെ
എവിടെ ഒളിച്ചിരിപ്പൂ...?

വിണ്ണിൽ നീ എവിടെ
നീരദങ്ങൾ നിന്നെ മറഞ്ഞുനിൽപ്പൂ....
നീയൊന്നു പേമാരിയെ വർഷിച്ചെങ്കിൽ
എൻ നാട് ഹരിത ഗ്രാമമാകും
എൻ മനമൊന്നു തളിരണിയും.

ജീവജാലങ്ങൾ നിന്നെ കാത്തിരിപ്പൂ....
ഒരു തുള്ളി നീർക്കണം ഞങ്ങൾക്കേകൂ....
പെരിയൊരപരാധം ചെയ്തു ഞങ്ങൾ
മരമെല്ലാം വെട്ടി നശിപ്പിച്ചു നാം
പാടങ്ങൾ മണ്ണിൽ മറഞ്ഞുപോയ്
മഴയേ നീ ഒന്നു വർഷിക്കൂ.....
ഭൂമിയെ ഒന്നു തണുപ്പിക്കൂ.....

ആതിര മനോജ്
ക്ലാസ് :8

# പ്രളയമാണ് സത്യം



ഇന്നീ പ്രപഞ്ചം മഹാസാഗരം
ഇന്നീ പ്രപഞ്ചം സമത്വപൂർണം
നിൻ മനക്കോണിൽ തളം കെട്ടി നിന്നതാം

ആ ചുട്ട കണ്ണീരിങ്ങടർന്നതാവാം
എന്തായ്കിലും ഈ വിപതിൻ നേർ-
സാക്ഷിയായ് സ്തബ്ധനായ് ഞാനങ്ങു നിന്നുപോയ്
എങ്ങുപോയ് സമ്പത്തും ആ പ്രൗഢിയും
എങ്ങുപോയ് മൂർച്ചയോലുമാവാക്കുകൾ
എങ്ങുപോയ് മർത്യാ നിൻ അഹങ്കാരവും
എങ്ങുമേ സ്നേഹസ്വദീപ്ത മന്ത്രം...
നിന്റെ യീ അശാന്തമാം താണ്ഡവച്ചുടുവടിവിനാൽ
വിറകൊണ്ടു നിന്നുപോയ് മർത്യലോകം.
നിന്റെയാ കണ്ണീർത്തടാകമീ-
മണ്ണിലിന്നുമേ ക്രോധം തിളക്കുന്നൊരഗ്നിയായ്.
ആരുണ്ട് ? ആരുണ്ട് ?
നിന്റെയീ അശാന്തമാം ദുർസ്ഥിതിയി-
ലാരുണ്ട് മാനുഷരെ രക്ഷിക്കുവാൻ...
അണി നിരന്നു,... നമ്മളിന്നും അസഹ്യമാം
വാക്കുകൾ കോരത്തു വർണ്ണിക്കുന്നൊരാ ജനത
കടലിന്റെ മക്കളാം സോദരന്മാർ
ജാതി - മത – വർഗ്ഗ – വർണ
ചിന്തകൾ, കൂടാതെ മാനുഷർ ഒത്തുകൂടി
ഒരു പാത്രത്തിൽ നിന്നും കഴിച്ചുകൂട്ടി..
ഒരു കിടപ്പായയിൽ ചേർന്നുറങ്ങി..
ഒരു സ്നേഹസാന്ത്വനം പകർന്നുനൽകി..
സമത്വമെന്നാവാക്കിൽ ഉറച്ചുനിന്നു
തളർന്നുപോയാമനസ്സുകൾക്കൂടി നൽകി
കാലമാം സത്യം തിരിച്ചറിയൂ
ഇനിയും മറക്കാതിരിക്കൂ...
ഇനിയും മറക്കാതിരിക്കൂ...
ഇതാണു സത്യം...
ഈ പ്രളയമാണ് സത്യം ......

– ദേവിക രഘു

# കഥയും പരിസ്ഥിതിയും

കഥയും പരിസ്ഥിതിയുമായി അഭേദ്യമായ ബന്ധമുണ്ട്. സാഹിത്യകാരന്മാർ ക്രാന്ത ദർശികളാണല്ലോ. മനഷ്യർ പ്രകൃതിയെ ചൂഷമം ചെയ്യുന്നതിനെതിരെ കവിതയിലൂടെയും ലേഖനങ്ങലിലൂടെയുമെല്ലാം തങ്ങളുടെ വിമർശനങ്ങൾ മിന്നിനിൽക്കുന്നു.

കഥാ സാഹിത്യത്തിലാണ് കഥയും പരിസ്ഥിതിയും തമ്മിൽ കൈക്കോർത്തുപോകുന്നത് ഇതിന് ഉദാഹരണങ്ഹൾ ഒരുപാട് കാണാനാകും. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയും അവകാശിക്കൾ, കാരൂരിന്റെ ചെമ്പൻപ്ലാവ്, എൻ പി ചെല്ലപ്പനാചാരിയുടെ ചങ്കരൻ പ്ലാവ്, അബികാസുതൻ മാങ്ങാടിന്റെ രണ്ടു മത്സ്യങ്ങൾ, പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ട്, സുസിമേഷ് ചന്ദ്രോത്തിന്റെ ഹരിമോഹനം, സുഗതകുമാരിയുടെ കാടിനുക്കാവൽ തുടങ്ങി കഥകളുടെ ഒരു സാഗരം തന്നെ കാണാനാകും.

സകല ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണ് എന്ന് വളരെ വ്യക്തമായി ജീവിതഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന കഥയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ . ബഷീറും ഭാര്യയും തമ്മിലുള്ള സംസാരത്തിലൂടെ വീട്ടിലെ കാക്കകൾ പൂച്ചകൾ, കാക്കതൊള്ളായിരം എലികൾ പാറ്റ, ഉറുമ്പ് , മരങ്ങൾ, വൃക്ഷലതാദികൾ ഇവയെല്ലാം ഭൂമിയുടെ അകാശികളാണ് എന്നതിലൂടെ ലോകമേ തറവാട് എന്ന വള്ളത്തോളിന്റെ ആശയവുമായി സമാനതപുലർത്തുന്നു. കാരൂർ നീലകണ്ഠപിള്ളയുടെചെമ്പൻ പ്ലാവ് എന്ന കഥയിലെ പ്രമേയം ഒരു പ്ലാവിനെ ചുറ്റിപറ്റിയുള്ളതാണ് അയൽക്കാരുടെ വഴക്കിനെ തുടർന്ന്

അവകാശതർക്കം മൂലം കോടതിയെ സമീപിക്കുന്നതും കോടതി യഥാർത്ഥ അവകാശിയെ നിശ്ചയിക്കുന്നതുമാണ് ഇതിലെ പ്രമേയം. എന്നാൽ വിധി വരുന്നതിന്റെ തലേദിവസം പ്ലാവിനെ നശിപ്പിക്കുന്നതിനുവേണ്ടി മെർക്കുറി വെച്ച് പ്ലാവിനെ കരിയിച്ച ആൾക്കുതന്നെ ഴിധിമീലം പ്ലാവിനെ കിട്ടുന്നു. തന്റെ വാശികൊണ്ട് നശിപ്പിച്ച പ്ലാവിനെ ഓർത്ത് ദു:ഖിക്കുന്ന കഥാനായകനെ ഈ കഥയിൽ നമ്മുക്ക് കാണാകും.

തന്റെ എല്ലാവിധ ഉയർച്ചക്കും കാരണം ചങ്കരൻ പ്ലാവാണെന്ന് വിശ്വസിക്കുന്ന ചങ്കുചാരുടെ കഥയാണ് എൻ.പി ചെല്ലപ്പൻ നായരുടെ 'ചങ്കരൻപ്ലാവ്'. കാക്കകൊത്തിയിട്ട ചക്കക്കുരു ജന്മി ദാനമായി കൊടുത്ത സ്ഥലത്ത് നടുന്നതും തന്റെ എല്ലാവിധ ഉയർച്ചക്കും കാരണമായ ആ പ്ലാവിനെ ഈശ്വരതുല്യമായി കണ്ട് ആരാധിക്കുകയും ചെയ്യുന്ന ചങ്കുചാർ. പരിഷ്കാരിയായ മരുമകളുടെ വരവോടെ പ്ലാവിനെ വെട്ടി അവിടെ ടെന്നീസ് കോർട്ട് പണിയുന്നു . കാശിക്കുപോയ ചങ്കുചാർ മടങ്ങിവരുമ്പോൾ വെട്ടിയിട്ട പ്ലാവിനോടൊപ്പം അന്തർദാനം ചെയ്യുന്നു.

മനുഷ്യർ പ്രകൃതിയോടുകാണിച്ച അധിക്രമത്തെ തുറന്നുകാട്ടുന്ന കഥയാണ് അംബികാസുതൻ മങ്ങാടിന്റെ രണ്ടുമത്സ്യങ്ങൾ . അധികവിളവിനായ് ഉപയോഗിച്ച രാസകീടനാശിനി എൻഡോസൾഫാൻ വരുത്തിവെച്ച പരിവസ്ഥിതിയുടെ തകർച്ചയാണ് ഇതിലെ പ്രമേയം. മനുഷ്യരാശിയെ മാത്രമല്ല, ജലത്തേയും ജലജീവികളുടെപോലും വംശനാശത്തിന് അതു കാരണമായി. അഴകനേയും, പൂവാലിയേയും മലയാളമുള്ളിടത്തോളം കാലം സ്മരിക്കപ്പെടും.

കൃഷി ഒരു സംസ്കാരമായി കാണുന്ന ഒരു തലമുറയുടെ കഥയാണ് പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ട്.

വാഴയെ സ്വന്തം മക്കളെ പോലെ സ്നേഹിച്ച മർക്കോസുചെട്ടൻ പക്ഷെ അധികാരികളുടെ നിർദ്ദേശങ്ങളുക്കുവഴങ്ങി വാഴവെട്ടാൻ നിർബന്ധിതനാകുന്നു അവസാനം തന്റെ വാഴകളോടൊപ്പം അബോധാവസ്ഥയിൽ പ്രവേശിക്കുന്ന മർക്കോസുചെട്ടനെ ആർക്കാണ് മറക്കാനാവുക.

ശ്രീ സുസ്മേഷ് ചന്ദ്രോത്തിന്റെ ഹരിമോഹനം ഗ്രാമജീവിതം വിട്ട് ഫ്ലാറ്റുജീവിത സംസ്കാരത്തിലേക്കുകടക്കുന്ന അരവിന്ദാക്ഷന്റെ കഥപറയുന്നു. മണ്ണിനെ ഈശ്വരതുല്യമായ് കണ്ട സ്ഥലത്ത് ഇച്ഛീച്ഛിയായ് കാണുന്ന തലത്തിലേക്ക് കഥ മാറുന്നു.

ഇങ്ങനെ മലയാളസാഹിത്ത്യത്തിലെ ഏതു കഥ നോക്കിയാലും അവക്കെല്ലാം പ്രകൃതിയുമായ് പ്രത്ത്യക്ഷമായോ പരോക്ഷമായോ ബന്ധമുണ്ടെന്ന് കാണാവുന്നതാണ്.

ആതിര ഷാജി

ക്ലാസ്സ് : 9

# മാറുന്ന പഠനരീതി

നമ്മുടെ ഇന്ത്യ എല്ലാകാര്യത്തിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികം,വിദ്യാഭ്യാസം,കണ്ടുപിടുത്തം എന്നതിലെല്ലാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനയിൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നുണ്ട്. അതിനാൽ ഓരോ കുട്ടിക്കും വിദ്യാഭ്യാസം സർക്കാർ ഉറപ്പുവരുത്തുന്നു.

ആദ്യകാലത്തെ ഗുരുകുലവിദ്യാഭ്യാസത്തിൽ നിന്ന് നാം മുന്നേറി.ഗുരുകുല വിദ്യാഭ്യാസം എന്നാൽ ഗുരുവിൻെറ കൂടെ താമസിച്ച് ഗുരുവിനെ ജോലിയിൽ സഹായിക്കുന്നു.ഇവിടെ എല്ലാവരും തുല്യരാണ്. വേദങ്ങളും ശാസ്ത്രങ്ങളും ചരിത്രങ്ങളും പഠിപ്പിക്കുന്നു. അതിൽ നിന്നും വേറിട്ട് കാണാതെ പഠിക്കുക എന്ന ആശയത്തിലേക്ക് പഠനം മാറി. എന്നാൽ ഈ പഠനരീതി ഭാവിയിൽ പ്രയോജനപ്പെടുന്നില്ല. കുട്ടികളുടെ ചിന്തയും ബുദ്ധിയും വളരുന്നില്ല. പാഠ പുസ്തകത്തിന് പുറമെ മറ്റൊന്നും അറിയില്ല. ഇന്ന് ഈ പഠനരീതിയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. കുട്ടികളുടെ ആശയത്തിനും അഭിപ്രായത്തിനും പ്രാധാന്യം നൽകുന്നു ഇതിലൂടെ കുട്ടികളുടെ ചിന്താശക്തിയും ബുദ്ധിയും വർദ്ധിക്കുന്നു. സ്വന്തമായി അഭിപ്രായം എഴുതാനുള്ള കഴിവിലേക്ക് കുട്ടികൾ വളർന്നു.

പഠനരീതി മെച്ചപ്പെട്ടെങ്കിലും കാണാതെ പഠിക്കുക എന്ന ആശയത്തിൽ നിലനിൽക്കുന്ന നിരവധി സ്കൂളുകൾ ഇന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഇതിനുദാഹരണമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികൾക്ക് ഇതിനാൽതന്നെ മറ്റു കാര്യങ്ങളിൽ പൊതുവെ അറിവ് കുറവാണ്. ഇംഗ്ലീഷ് മീഡിയത്തിലെ ഒരു കുട്ടി മലയാളം മീഡിയത്തിലെത്തിയാൽ ഇംഗ്ലീഷ് ഒഴികെ ബാക്കി വിഷയങ്ങളിൽ താഴ്ന്നു പോവുകയാണ്. ഇംഗ്ലീഷ് മീഡിയത്തിൽ ഇംഗ്ലീഷ് ഭാഷ വളർത്തുന്നതിലുപരി യാതൊന്നുംതന്നെ നടക്കുന്നില്ല. കാണാതെ പഠിക്കുന്നതിൽ നിന്നും മാറിചിന്തിക്കുന്ന സ്കൂളിനുദാഹരണമാണ് ഗവൺമെൻറ് സ്കൂളുകൾ . അവിടെ ഭാഷ വളർത്തുന്നതിനൊപ്പം കുട്ടികളുടെ ചിന്താശക്തി വർദ്ധിപ്പിക്കുന്നു. അവർക്കാണ് ഭാവിയിൽ വിജയം.

ഓരോ കുട്ടികളുടെയും പഠനവിജയത്തിൽ അധ്യാപകരുടെ പങ്ക് വലുതാണ്.ഓരോ കുട്ടിക്കും അതാത് വിഷയം പഠിപ്പിക്കുന്ന അധ്യാപകരെ ഇഷ്ടമാണെങ്കിൽ ആ വിഷയത്തോട് താൽപര്യം തോന്നി പഠിക്കുന്നു.പിന്നെ അധ്യാപകരുടെ പഠിപ്പിക്കുന്ന രീതി

അനുസരിച്ചാണ് കുട്ടികളുടെ ചിന്ത വളരുന്നത്.എഴുതിക്കൊടുത്ത് പഠിപ്പിക്കുന്ന പോലെ ഹൈസ്കൂൾ തലത്തിലും തുടരുകയാണെങ്കിൽ അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ കഴിയുന്നില്ല.ആ കുട്ടികളുടെ ചിന്താശക്തി വളരുന്നില്ല.

ഓരോ വർഷവും പഠനരീതി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു.കുട്ടികളുടെ ചിന്തയും ബുദ്ധിയും അതോടൊപ്പം ഉയരുന്നു.ഇന്നത്തെ തലമുറയാണ് നാളത്തെ മഹാത്മാക്കൾ എന്ന് ഓർക്കേണ്ട ഒന്നുതന്നെയാണ്.

സാൽജ കുമാരി സാബു
ക്ലാസ്:10

# MY MOTHER



My Mother is sweet
she is very lovely woman.
She wake up 4'0' clock
then she want to go school from
I and my brother
she was very hard working
in morning to evening.
Then she sleep 11'o' clock.
She is very careing.
She is very beauty.
Oh! my amma I love you.

ATHIRA MANOJ
STD :8

# ആദ്യമായ് നനഞ്ഞ തുള്ളികൾ

മഴക്കാർ വന്നിരുണ്ടു കൂടുന്നു
കാർമേഘങ്ങൾ ഉരുണ്ടു ചുറ്റുന്നു
ഇടയ്ക്കിടെ ഇടിമുഴക്കങ്ങൾ കേൾക്കുന്നു
കാറ്റു മരത്തിൻ ചില്ലകൾതോറും ചൂളമടികൾ കേൾക്കുന്നു

തട്ടിത്തട്ടി പോകുന്ന കാറ്റോ ?
പേടിഭയം ഉളവാക്കുന്നു
മാനത്തുനിന്നു തുള്ളികൾ തുള്ളികൾ പൊട്ടി അടർന്നുവീഴുന്നു

ഹാ, ആദ്യമായ് തുളും പുതുമഴ തന്നുടെ
മാറോടണച്ചെന്നെ ചേർത്തിടുന്നു
ഞാനതിൽ പൂക്കും പുതുവർഷ പുഷ്പമായ്
ആസ്വദിച്ചങ്ങനെ നിന്നുപോയി.
ആദ്യാനുഭൂതിയായ് , ആനന്ദമായ് നിറഞ്ഞുല്ലാസ

വർണ്ണം നിറഞ്ഞപോലെ
ഉമ്മറപ്പടിയിൽ ഏകാന്തമൂകനായ്
പുതുവർഷകാലങ്ങൾ ഓർത്തിരുന്നു (2)

ദേവിക രഘു
ക്ലാസ് : 10

# सितंबर १४ - हिंदी दिवस

१४ सितंबर १९४७ को हमारी संविधान सभा ने हिंदी को केन्द्र सरकार की राजभाषा के रूप में स्वीकार किया था । तदनुसार हर साल ,हर केन्द्र सरकार के कार्यालयों तथा राष्ट्रीयकृत बैंकों द्वारा १४ सितंबर को हिंदी दिवस अथवा इस तिथि से हिंदी सप्ताह या हिंदी पखवाडे मनाया जा रहे

हैं । लोगों में हिंदी के प्रति जागरूकता पैदा करना एवं उन्हें हिंदी में काम करने केलिए प्रोत्साहित करना इस समारोह का मुख्य लक्ष्य होता है ।

हिंदी हमारी राजभाषा ही नहीं,अपितु राष्ट्रीय अस्मिता का प्रतीक भी है । जीवन के सभी क्षेत्रों में इसका अधिकाधिक प्रयोग एवं प्रसार होना ही चाहिए । हिंदी के प्रति सभी देशवासियों केमन में प्रेम होना चाहिए । अन्य भाषाओं के साथ -साथ हिंदी का ज्ञान प्राप्त करना चाहिए । यह हमारेलिए गौरव का विषय है कि हिंदी आज एक जनभाषा और राजभाषा के रूप में प्रतिष्ठत है ।

## കുസൃതിചോദ്യങ്ങൾ

**1. 80 വയസ്സ് പ്രായമുള്ള ഒരാൾക്ക് ആകെ എത്ര ജന്മദിനങ്ങൾ ഉണ്ടായിട്ടുണ്ടാവും?**

**1 (ഒരു ജന്മദിനം മാത്രമേ ഏതൊരാൾക്കും ഉണ്ടാവു. ഓരേ വർഷവും നാം ആഘോഷിക്കുന്നത് ജന്മദിന വാർഷികങ്ങളാണ്)**

**2. 80 വയസ്സുള്ള ഒരാൾ ആകെ 20 പിറന്നാളുകൾ മാത്രമേ ആഘോഷിച്ചിട്ടുള്ളൂ . കാരണമെന്ത് ?**

**അയാളുടെ ജനനം ഫെബ്രുവരി 29 ന് ആയിരുന്നു**

3. 1 മുതൽ 100 വരെ ക്രമത്തിൽ എഴുതിയാൽ എത്ര 9 ഉണ്ടാവുക ?

20 എണ്ണം

4. കലണ്ടറിൽ ഉള്ള പഴം ?

dates(ഈന്തപ്പഴം )

5. വേഗത കുറഞ്ഞ മാൻ ?

പോസ്റ്റ്മാൻ

6. അടിക്കാൻ പറ്റാത്ത വടി ?

കാവടി

7. രണ്ട് ജീനുകളുടെ ആൾ ?

ജീൻവാൽജിൻ

8. പ്രതിഫലം പറ്റാത്ത താരം ?

അവതാരം

9. അപ്രതീക്ഷിതമായി പലയിടത്തും ആളിപ്പടരുന്ന മരം ?

സമരം

10. തനിക്കെതിരെ സഞ്ചിയുമായി നടന്നുവരുന്ന അപരിചിതയായ പെൺകുട്ടിയോട് ഒരാൾ ചോദിച്ചു.''കുട്ടിയുടെ പേരെന്താണ് ?" മറ്റൊരാൾ ചോദിച്ചു. "സഞ്ചിയിൽ എന്താണ് ?" രണ്ടു ചോദ്യങ്ങൾക്കുമായി ആ മിടുക്കി ഒറ്റ വാക്കിൽ ഒരു മറുപടി നൽകി. എന്താവാം ആ മറുപടി ?

മീനാ (പേര് മീന , സഞ്ചിയിൽ മീൻ )

സുധീഷ് പി. എസ്.
ക്ലാസ് : 8

# സ്വപ്നത്തേരിൽ

**അന്നൊരു നാൾ ഞാൻ**
**ഒരു സ്വപ്നം കണ്ടു**

കുഞ്ഞിച്ചിറകുകൾ വീശി

ആകാശത്തെയും,മേഘത്തെയും

താരങ്ങളേയും ഞാൻ കണ്ടു

കഥകൾ പറഞ്ഞു പാട്ടുപാടി

കളിയാടുമ്പോഴയ്യോ......

ധടുപടുവെന്ന് താഴെയിറങ്ങി

സ്വപ്നച്ചരടും പൊട്ടി

ടിയോൺ ടിനു

ക്ലാസ്സ്:6

## ഗണിത ക്വിസ്സ്

**1. രാമാനുജൻ സംഖ്യ ഏത് ?**

**1729**

**2. 1 ൻെറ വർഗ്ഗമൂലത്തെ 'i' ചിഹ്നം കൊണ്ട് ആദ്യമായി സൂചിപ്പിച്ചതാരാണ് ?**

**ലിയോനാർഡ് ഓയ് ലർ**

**3. വില്യം ഗോട്ട്ഫ്രൈഡ് ലിബ്നിസ് കണ്ടെത്തിയ ഗണിതശാസ്ത്ര ശാഖ ഏത് ?**

**കലന ശാസ്ത്രം**

**4. 1 മുതൽ n വരെയുള്ള തുടർച്ചയായ എണ്ണൽസംഖ്യകളുടെ തുക കണ്ടെത്തുന്നതിന് n(n+1)/2 എന്ന സമവാക്യം രൂപീകരിച്ചതാരാണ് ?**

**കാൾ ഫ്രെഡറിക് ഗോസ്**

**5. ഗണിതസിദ്ധാന്തത്തിൻെറ ഉപജ്ഞാതാവ് ആര് ?**

**ജോർജ് കാൻറർ**

**6.'പിയറി ദെ ഫെർമ' യുടെ ജനനം എന്ന് ?**

**1601 ആഗസ്റ്റ് 17 (ഫ്രാൻസ്)**

**7. സംഖ്യാശ്സ്ത്രത്തിൻെറ ഉപജ്ഞാതാവ് ?**

**പിയഫി ദെ ഫെർമ**

**8. പൂജ്യം എന്ന സംഖ്യയെക്കുറിച്ച് ആദ്യം പഠനം നടത്തിയ വ്യക്തി ?**

**ബ്രഹ്മഗുപ്തൻ**

**ശ്രീലക്ഷമി കെ. എം.**

**ക്ലാസ് : 9**

# മഴയേ നീ എവിടെ ഒളിച്ചിരിപ്പൂ....




മഴയേ നീ എവിടെ .....
വർഷമേ നീ ഞാൻ കാണാതെ
എവിടെ ഒളിച്ചിരിപ്പൂ...?


വിണ്ണിൽ നീ എവിടെ
നീരദങ്ങൾ നിന്നെ മറഞ്ഞുനിൽപ്പൂ....
നീയൊന്നു പേമാരിയെ വർഷിച്ചെങ്കിൽ
എൻ നാട് ഹരിത ഗ്രാമമാകും
എൻ മനമൊന്നു തളിരണിയും.

ജീവജാലങ്ങൾ നിന്നെ കാത്തിരിപ്പൂ....
ഒരു തുള്ളി നീർക്കണം ഞങ്ങൾക്കേകൂ....
പെരിയൊരപരാധം ചെയ്തു ഞങ്ങൾ
മരമെല്ലാം വെട്ടി നശിപ്പിച്ചു നാം
പാടങ്ങൾ മണ്ണിൽ മറഞ്ഞുപോയ്
മഴയേ നീ ഒന്നു വർഷിക്കൂ.....
ഭൂമിയെ ഒന്നു തണുപ്പിക്കൂ.....

ആതിര മനോജ്
ക്ലാസ് :8

# ശാസ്ത്രജ്ഞർ (ഗണിതം)

ആര്യഭടൻ



ജനനം :AD.476

മരണം:AD. 550

യൂക്ലിഡ്



ജനനം : BC 330

മരണം: BC 270


ശകുന്തളാദേവി



എസ്. രാമാനുജൻ



ആർക്കിമിഡിസ്




ജനനം : 1941
മരണം : 2013

ജനനം : 1887
മരണം : 1920

ജനനം : BC 212
മരണം : BC 287

# A FARMER AND A GOLDEN DUCK





**അച്ഛന് മക്കളെ ഉപദ്രവിക്കുന്നത് ഇഷ്ടമല്ല. അച്ഛൻ ഭാര്യയെ ഉപേക്ഷിച്ചു. അങ്ങനെ അച്ഛനും ആ രണ്ടു മക്കളും സന്തോഷത്തോടെ ജീവിച്ചു.**

*നിരഞ്ജന രമേശ്*
*ക്ലാസ്: 7*

# Tikku and the Tortoise

Once upon a time , in a forest lived a fox. His name was Tikku. One day, as Tikku was looking for something to eat, he saw a tortoise.

Tikku opened his mouth wide and bit hard into the the tortoise's shell. But the shell was so strong that it didn't break.

Suddenly the clever tortoise

got an idea. He said, "hey , put me into the water so that you can soften my hard shell".

A foolish Tikku carried the tortoise to the nearest river the and put him into the water. The tortoise spared no time and swam away from the fox . It was only then that tikku realised" how foolish he was

Annmary
STD : 5

# THE FRIENDS OF NATURE

## FOREST



There are many animals in the forest.
A snake is on the tree.
A lion is sitting on the log.
There are big trees and beautiful flowers in the forest.
This is a silent place.

## A FLOWER AND A WORM

A flower



A yellow flower.
A beautiful yellow flower.
One day a worm came.
It touched the flower and smelt it.
It's mouth filled with water.
Then, what happened.....?

## CAT



Cat is a small pet animal
It has four legs and a beautiful tail
Its body is covered with soft and silky hairs
It miaows miaow miaow

## Trees are our friends



-
There are so many trees surround as
They are all our frends
They give us shade, flowers,fuels,wood,medicines etc..
They are also useful in many ways
Let us love trees
Let us plant more trees
Let us save our trees

## കൊച്ചു കാക്ക



സ്കൂൾ വിട്ടുവരുകയായിരുന്ന അമ്മുക്കുട്ടി. അപ്പോഴാണ് വഴിയിൽ ഒരു ചോക്ലേറ്റ് കിടക്കുന്നത് അവൾ കണ്ടത്. " ഹയ്യട " അവൾ അത് കൈയ്യിലെടുത്തു . അത് കണ്ട് കൊച്ചു കാക്ക പറന്നു
വന്നു . " അമ്മു മോളെ വഴിയിൽ കിടക്കുന്നത് എടുക്കരുത് , അവ
തിന്നാൽ അപകടമാണ് ". "ആണോ ?, എങ്കിൽ എനിക്കിത് വേണ്ട ! ".അമ്മുക്കുട്ടി ചോക്ലേറ്റ് കളഞ്ഞിട്ട് വേഗം വീട്ടിലേക്ക് നടന്നു . വീട്ടിൽ ചെന്നയുടൻ അമ്മയോട് അമ്മുക്കുട്ടി നടന്നതെല്ലാം പറഞ്ഞു . അമ്മ അമ്മുവിനെ തലോടി.

ആദിത്യ സജികുമാർ .ആർ
ക്ലാസ് : 6

## കടംവീട്ടി !

ഒരിടത്ത് ഒരു രാകേഷ് സേഠിൻെറ വേക്കാരനായിരുന്ന മരമണ്ടനായ കനുലാൽ. "വേഗം ചന്തയിൽ പോയി ഒരു മത്തങ്ങ വാങ്ങിവാ , ഇതാ അമ്പതുരൂപ മതിയാകുമോ ? ബാക്കി പിന്നെ

കൊട്ടുക്കാമെന്നു പറയാം."

"അതുവേണ്ട, കടം പറയുന്നത് എനിക്കിഷ്ടമല്ല. മത്തങ്ങ തിന്നില്ലെങ്കിലും സങ്കടമില്ല, കടം ബാക്കി വയ്ക്കണ്ട." കനുലാൽ ചന്തയിലെത്തി. കടക്കാരൻ പറഞ്ഞു " മത്തങ്ങ, വെള്ളരിക്ക, ചേന."''മത്തങ്ങ എന്താ വില? '' "ഒരെണ്ണത്തിന് 100 രൂപ''. "കുഴഞ്ഞല്ലോ, എന്റെ കൈയിൽ അമ്പതേ ഉള്ളൂ. '' "ബാക്കി പിന്നെ തന്നാൽ മതി. ഇതാ മത്തങ്ങ! കടം വാങ്ങിയാൽ മുതലാളി വഴക്കുപറയുമല്ലോ. എന്താ ചെയ്യുക ? ഐഡിയ! മത്തങ്ങയ്ക്ക് 100 രൂപ ആണെന്നല്ലേ പറഞ്ഞത്? അതെ അതിൽ 50 രൂപ തന്നു. ഇനി ഞാൻ അതുകൂടി തരണം അല്ലേ? ''. "അതിനു പകരം ഈ മത്തങ്ങ പിടിച്ചോ. ഇപ്പോൾ കടം വീട്ടിയില്ലേ. അങ്ങനെ ആ കടം വീട്ടി. ഞാൻ ആളൊരു ബുദ്ധിമാൻ തന്നെ.'' "ഹും മണ്ടൻ''

ആദിത്യ കൃഷ്ണ പി. ബി.
ക്ലാസ് : 7


## പകലുണരുന്നു

പുലരിവിടർന്നൊരു നേരത്ത്
പുതുമകൾ വന്നൂ ചാരത്ത്
മുകിലുകൾ നീങ്ങി മാനത്ത്
പകലിൻ രാജാ വരികത്ത്
അകലുന്നിരുളും ദൂരത്ത്
പകരുന്നിളവെയിൽ മുറ്റത്ത്!

കുഞ്ഞിത്തത്തമ്മ
തത്തി തത്തി തത്തി നടക്കും
കുഞ്ഞിതത്തമ്മേ
പച്ചപ്പട്ടിൻ കുപ്പായോം
പവിഴം പോലൊരു ചെഞ്ചുണ്ടും
ആരുനിനക്കേകി തത്തമ്മേ
പുന്നെല്ലിൻ വയലേലകളിൽ
പൂങ്കതിർ കൊത്താൻ പോരാമോ ?

# An honest cow



Once there was a cow grazing in the forest. Then it came across a tiger. The tiger wanted to eat the cow. The cow asked the tiger to give him some time to go and milk it's calf the cow went to the calf and milked it.



It advised the calf not to quarrel with other calf, to be kind and honest. Then it returned to the tiger .The tiger was pleased with the cow's honesty and

**let the cow go free.**

**Ashin biju, STD: 7**

# നീലനിറം

ആയിരം മുത്തുകൾ വാരിയെറിഞ്ഞ
ആകാശത്തിന് നീലനിറം
എന്നും ഞാൻ പ്രാർത്ഥിക്കും എൻപ്രിയ
ആലിലക്കണ്ണന് നീലനിറം

വയൽവരമ്പിൽ പുഞ്ചിരിക്കും
കാക്കപ്പൂവിന് നീലനിറം
വേലിക്കരികെ ആളിപ്പടരും
വേലിയേരിക്കും നീലനിറം
പൂന്തോപ്പിലൂടെ പാറിപ്പറക്കുന്ന
കൊച്ചു പൂമ്പാറ്റയ്ക്ക് നീലനിറം

അർജ്ജുൻ സുദർശൻ
ക്ലാസ്സ്:7

# രസം



മഴ പെയ്യുമ്പോൾ
കുടയും ചൂടി
പതിയെ നടക്കാൻ
എന്തു രസം !
മഴയുടെ വിരലുകൾ കുടയുടെ  മുകളിൽ
താളം കൊട്ടി രസിക്കുമ്പോൾ
അതു  ചെറുപാട്ടുംമൂളി
നടക്കാൻ എന്തുകേട്ടൊരുരസം !
മഴ തോർന്നാലും ഇലകൾ പാട്ടും
ഗാനം കേൾക്കാൻ എന്തുരസം !

**അഭിജിത്ത് കെ.എ**
**ക്ലാസ്: 6**

കഥ

## ഒരു പൂന്തോട്ടമുണ്ടാക്കാം

1. ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീട്ടിൽ മീനു എന്ന കുട്ടിയുണ്ടായിരുന്നു. ഒരു ദിവസം മീനുവിൻെറ മനസ്സിലൂടെ ഒരു ആശയം മിന്നി. ഏതു വീട്ടിൽ ചെന്നാലും ഒരു കൊച്ചു പൂന്തോട്ടം കാണാം. എങ്കിൽ എൻെറ വീട്ടിലും ഒരു പൂന്തോട്ടം വേണം അവളുടെ മനസ്സ് നിറച്ച് ചെത്തിപ്പൂവാണ്. അവൾ അത് നാടൻ തീരുമാനിച്ചു കുറച്ചു നാളുകൾക്ക് ശേഷം പൂക്കൾ വിടർന്നു. മീനു എഴുന്നേറ്റു. അവൾ പൂന്തോട്ടത്തിലേക്ക് ഓടി  എല്ലാ പൂക്കളും വിടർന്നു നിൽക്കുന്നു അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. വൈകുന്നേരമായപ്പോൾ  അവൾ ജനാലയിൽ കൂടി പുറത്തേക്ക് നോക്കിയപ്പോൾ  മറ്റൊരു കുട്ടി ആ പൂവ് പറിക്കുന്നത് അവൾ കണ്ടു മീനുവിൻെറ തൊണ്ടവരളുന്നത് പോലെ അവളുടെ സന്തോഷത്തിന് വേണ്ടി അച്ഛനും,അമ്മയും ഒരു ചാക്കിൽ ആ ചെടിയെ കുഴിച്ചിട്ടു

വളവും സുരക്ഷയും നൽകി. കുറച്ച് ദിവസങ്ങൾക്ക് ശേഷം പൂക്കൾ വിടർന്നു പന്തലിച്ചു നിൽക്കുന്നു. മീനുക്കുട്ടി ഏറെ സന്തോഷവതിയായി. ഇതിൽ നിന്ന് അവൾക്ക് ഒരു കാര്യം മനസ്സിലാക്കി. പൂന്തോട്ടത്തിനും കൃഷിക്കും ഏറ്റവും കൂടുതൽ വേണ്ടത് കരുതലും വളങ്ങളും എല്ലാം നൽകുക എന്നതാണ്. മീനു പൂന്തോട്ടത്തിനോടൊപ്പം കൃഷിയും നട്ടു തുടങ്ങി. അങ്ങനെ കുടുംബം സന്തോഷത്തോടെ മുന്നോട്ടു നീങ്ങി.

അനഘ മനോഹരൻ
ക്ലാസ്–7

# <u>Proverbs</u>

- All that glitters is not gold
- A stitch in time saves nine
- An idle mind is the devil's workshop
- As you sow, so you reap
- A little learning is a dangerous thing
- A bad workman always quarrels with his tools
- A bird in the hand is worth two in the bush
- A sound mind in a sound body
- An apple a day keep the doctor away
- A friend in need is friend indeed
- Barking dogs seldom bite

- Brevity is the soul of wit
- My indirections find direction out
- Blood is thicker than water
- Character is destiny
- Charity begins at home
- Cleanliness is next to godliness
- Example is better than precept
- Failure are pillars of success
- Familiarity breeds contempt
- Necessity is the mother of inventions
- Look before you leap
- Old is gold
- Prevention is better than cure
- Time and tide waits for no man

(COLLECTIONS)

## കുക്കുവും വിക്കുവും

ഒരു ദിവസം കുക്കുവും വിക്കുവും കൂടി വിക്കുവിന് പല്ലുവേദനക്ക് മരുന്നു വാങ്ങി വരികയായിരുന്നു. “എന്റെ വീട്ടിൽ ശർക്കര ഉണ്ടായിരുന്നു, ഇനി പല്ലുവേദന മാറിയിട്ട് കഴിക്കാം" കുക്കു പറഞ്ഞു. ശർക്കരയെന്നു കേട്ടതും വിക്കുവിന് കൊതിയായി. “ഹായ്, എനിക്കിപ്പം തന്നെ വേണം"

**പല്ലുവേദനയുള്ളപ്പോൾ കട്ടിയുള്ളതൊന്നും കഴിക്കരുത്". കുക്കു പറഞ്ഞു. എന്നാൽ വിക്കു വാശി പിടിച്ച് കുക്കുവിൻെറ വീട്ടിൽ ചെന്ന് ശർക്കര വാങ്ങി. ഒറ്റക്കടി." അമ്മേ....എൻെറ പല്ലുപൊട്ടിയോ? ". വിക്കു കരച്ചിലോടെ കരച്ചിൽ.**

**ആരോമൽ ജയ്കുമാർ**
**ക്ലാസ് : 7**

## ക്വിസ്സ്

]
**ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ള ഇന്ത്യൻ സംസ്ഥാനം?**

**മധ്യപ്രദേശ്**

**ബീഹാറിൻെറ ദു:ഖം എന്നറിയപ്പെടുന്ന നദി?**

കോസി

പഹാരിഭാഷ ഏത് സംസ്ഥാനത്ത് സംസാരിക്കുന്നു?

ഹിമാചൽ പ്രദേശ്

ഇന്ത്യയിൽ സ്വകാര്യ വത്കരിക്കപ്പെട്ട പുഴ?

ഛത്തീസ്ഗഢിലെ ഷിയോനാഥ് പുഴ

ഉരുളക്കിങ്ങിൻെറ ജന്മദേശം?

പെറു

അനഘ മനോഹരൻ

ക്ലാസ്സ്:7

# Little Bird

Fly fly the little bird
Sky the fly little bird



**Twin twin the**
**Little bird**

**Go this way and**
**In your home**
**Close your eyes and**
**Make a dream**

**Sailaksmi Madhavan**
**Class : 8**